## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3295** 09/04/2013 **ൽ മറുപടിക്ക്**

**മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഏകീകൃത സിലബസ് ഏർപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. എസ്. സലീഖ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഏകീകൃത സിലബസ് 2013-14 അധ്യയന വർഷം മുതൽ നടപ്പിലാക്കുമോ; | എ) | മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഏകീകൃത സിലബസ് തയ്യാറാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എസ്.സി.ഇ.ആർ.ടി യിൽ പുരോഗമിച്ചു വരുന്നു. സിലബസ് തയ്യാറാക്കിയതിനു ശേഷമേ എന്നു മുതൽ നടപ്പിലാക്കാൻ കഴിയും എന്നു പറയാൻ കഴിയുകയുള്ളു. |
| ബി) | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ; | ബി) | സംസ്ഥാന സർക്കാർ പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 2012-13 സാമ്പത്തിക വർഷം 10 കോടി രൂപ അനുവദിച്ച് വിതരണം ചെയ്തിരുന്നു. പ്രസ്തുത തുക വർദ്ധിപ്പിക്കുന്നത് പരിശോധിക്കാവുന്നതാണ് |
| (സി) | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സിലബസ് ഏകീകരിക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) | മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളക്കായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഏകീകൃത സിലബസ് തയ്യാറാക്കുന്നതിന് എസ്.സി.ഇ.ആർ.ടി യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) | 2013 - 14 അധ്യയന വർഷം മുതൽ മാനസിക വെല്ലുവിളികൾ നേരിടുന്ന | (ഡി) | സംസ്ഥാനത്ത് മാനസികവും ശാരീരികവുമായ |

| | |
|---|---|
| കുട്ടികൾക്ക് മറ്റുള്ള കുട്ടികൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ളതുപോലെ കലോത്സവങ്ങളും കായികോത്സവങ്ങളും നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പൊതു വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സ്കൂൾ കലോത്സവം നടത്തിവരുന്നു. പ്രസ്തുത കലോത്സവത്തിൽ മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവർക്കായി കായികോത്സവങ്ങൾ നടത്തുന്നില്ല. |

സെക്ഷൻ ഓഫീസർ